180 D( Gold.)
1/18/10

4743
16/10

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്—ജീവനക്കാര്യം—നഗരസഭ/മുനിസിപ്പാലിറ്റി കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ—ഭേദഗതി—ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്

സ. ഉ. (എം എസ്.) നമ്പർ 194/2008/തസ്വഭവ. *തീയതി, തിരുവനന്തപുരം, 2008 ജൂലൈ 7.*

---

*പരാമർശം:*—1. സ. ഉ. (കൈ) നമ്പർ 153/2007/തസ്വഭവ. തീയതി 7-6-2007.

2. തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ 29-3-2008-ലെ H8/33709/08 നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്തെ നഗരസഭ/മുനിസിപ്പാലിറ്റികളിലെ കണ്ടിജന്റ് വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ മേൽ ഒന്നാമതായി വായിച്ച ഉത്തരവ് പ്രകാരം പരിഷ്ക്കരിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവിലെ ഖണ്ഡിക XVI-ലെ ഉത്തരവ് പൂർണ്ണമായും ഖണ്ഡിക XVIII-ലെ ഉത്തരവിലെ വ്യവസ്ഥ ഭാഗികമായും ഭേദഗതി ചെയ്ത് താഴെപ്പറയും പ്രകാരം ഉത്തരവാകുന്നു:

1. *ഖണ്ഡിക XVI—ചൂൽ അലവൻസ്*

നിലവിലുള്ള നിരക്കായ 100 രൂപയിൽ നിന്നും 125 രൂപയായി 1-3-2006 മുതൽ വർദ്ധിപ്പിച്ച് നൽകുന്നു.

2. *ഖണ്ഡിക XVIII—യൂണിഫോം അലവൻസ്*

യൂണിഫോമിന് അർഹതയുള്ള എല്ലാ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്കും ഒരു റെയിൻകോട്ടും, ചവർ നീക്കംചെയ്യുന്ന ജോലിയുമായി ബന്ധപ്പെട്ടവർക്കുമാത്രം ഓരോ വർഷവും ഓരോ സെറ്റ് ഗംബൂട്ടും

ഉന്തുവണ്ടിയിൽ മാലിന്യം ശേഖരിക്കുന്നവർക്കുകൂടി പ്രതിമാസം ഒരു ജോഡി കൈയ്യുറയും അനുവദിക്കുന്നു. ടി ഖണ്ഡികയിലെ മറ്റ് വ്യവസ്ഥകൾ നിലനിൽക്കുന്നതാണ്.

മേൽ ഒന്നാമതായി വായിച്ച ഉത്തരവ് മേൽ പ്രകാരം ഭേദഗതി ചെയ്തിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡി. രാധാകൃഷ്ണൻ,

*ജോയിന്റ് സെക്രട്ടറി.*

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്.

എല്ലാ കോർപ്പറേഷൻ മേയർമാർക്കും.

നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം/കൊച്ചി/കോഴിക്കോട്.

എല്ലാ നഗരസഭ ചെയർമാൻമാർക്കും.

എല്ലാ നഗരസഭ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും.

ഡയറക്ടർ, ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ്.

ഡയറക്ടർ, ഹെൽത്ത് സർവ്വീസസ്.

ഡയറക്ടർ, കില, തൃശ്ശൂർ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ടോട്ടൽ സാനിട്ടേഷൻ മിഷൻ, തിരുവനന്തപുരം.

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യം).

ധനകാര്യ വകുപ്പ് (നമ്പർ 26080/ഡെവ.1/07/ധന.) തീയതി 26-5-2007.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:—തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.-ക്ക്.
ജി. ഒ. (എംഎസ്.) നമ്പർ 153/07/തസ്വഭവ. തീയതി 7-6-2007-ലെ ഉത്തരവിന്റെ തീർപ്പ് ഫയലിലേക്ക്.